## പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 20 05.03.2012-ൽ മറുപടി നൽകേണ്ടിയിരുന്നത്

**മുഖ്യമന്ത്രിയ്ക്കും മന്ത്രിമാർക്കും ലഭിച്ച പരാതികളുടെ വിശദാംശങ്ങൾ**

**ചോദ്യം**

ശ്രീ. കെ.കെ. ജയചന്ദ്രൻ

**ഉത്തരം**

ശ്രീ. ഉമ്മൻചാണ്ടി

(മുഖ്യമന്ത്രി)

| | ചോദ്യം | താല്ക്കാലിക മറുപടി | | അന്തിമ മറുപടി |
|---|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതേവരെ മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും ലഭിച്ച പരാതികൾ എത്രയാണെന്ന് വെളിപ്പെടുത്തുമോ ; | എ) യും ബി) യും സി) യും<br><br>വിവരം ശേഖരിച്ചു വരുന്നു | എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതേവരെ മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും 3,31,672 പരാതികൾ ലഭിച്ചിട്ടുണ്ട്. |
| ബി) | അതിൽ എത്ര പരാതികളിന്മേൽ അന്തിമമായി തീർപ്പ് കൽപ്പിക്കുകയുണ്ടായി എന്ന് വ്യക്തമാക്കുമോ ; | | ബി) | മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും ലഭിക്കുന്ന പരാതികൾ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും അപേക്ഷകന് നേരിട്ട് മറുപടി നൽകുന്നതിനുമായി ബന്ധപ്പെട്ട വകുപ്പുകൾക്ക് നല്കുകയോ പരിശോധിച്ച് സമർപ്പിക്കുവാൻ നിർദ്ദേശം നൽകുകയോ ആണ് ചെയ്തു വരുന്നത്. ഇത്തരം പരാതികൾ തീർപ്പുകൽപ്പിച്ചത് സംബന്ധിച്ച കണക്കുകൾ ക്രോഡീകരിക്കാറില്ല. അതിനാൽ ഇത് സംബന്ധിച്ച സ്ഥിതിവിവര കണക്ക് ലഭ്യമല്ല. |
| സി) | മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിലും ജനസമ്പർക്ക പരിപാടിയിലും ലഭിച്ച പരാതികളുടെ എണ്ണം എത്രയായിരുന്നു; അവയിൽ എത്ര എണ്ണത്തിന്മേൽ അന്തിമമായി തീർപ്പ് കൽപ്പിക്കുകയുണ്ടായി ? | | സി) | മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സെല്ലിൽ 20,696 പരാതികൾ ലഭിക്കുകയും 7,223 പരാതികൾ അന്തിമമായി തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. ജനസമ്പർക്ക പരിപാടിയിൽ 14 ജില്ലകളിൽ നിന്നുമായി 5,46,947 പരാതികൾ ലഭിക്കുകയും 3,43,318 പരാതികൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ